പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5816 05.07.2013 - ൽ മറുപടിക്ക്

## കുളിമാട് ചാലിയാർ പാലം

| ചോദ്യം<br>ശ്രീ.പി.റ്റി.എ.റഹിം | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ കുളിമാട് ചാലിയാറിന് കുറുകെ പാലം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; | (ബി) | 2260 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (സി) | ഇതിനാവശ്യമായ സ്ഥലമെടുപ്പ് ഏതു ഘട്ടത്തിലാണ്; | (സി) | കോഴിക്കോട് ജില്ലയിൽ സ്ഥല മെടുപ്പ് പൂർത്തിയായി. മലപ്പുറം ജില്ലയിൽ സ്ഥലമെടുപ്പിനുള്ള വിജ്ഞാപനം പരസ്യപ്പെടുത്തി. മറ്റ് നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) | എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.? | (ഡി) | 34 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| (ഇ) | പാലത്തിന്റെ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കും; | (ഇ) | സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായ ശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (എഫ്) | ഈ പ്രവൃത്തി നബാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എഫ്) | നബാർഡ് സ്കീം അനുസരിച്ച് ഈ പ്രവൃത്തിയ്ക്ക് 28.04.2012 -ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം. 714/2012/PWD പ്രകാരം തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. |
| (ജി) | ചാലിയാറിന് കുറുകെ വേറെ പാലങ്ങൾ നിർമ്മിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ജി) | ഇല്ല. |

സെക്ഷൻ ഓഫീസർ